Page 1 of 3

മനസ്സിലാക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ജോലി ചെയ്യാൻ വരുന്ന തൊഴിലാളികൾക്ക് കൂടുതൽ സംരക്ഷണവും ബഹുമാനവും കൊടുക്കുകയാണെങ്കിൽ അതേ അർത്ഥത്തിൽത്തന്നെ ബഹുമാനവും ആദരവും മലയാളികൾക്കും ലഭിക്കും. ലക്ഷക്കണക്കിന് മലയാളികളാണ് പ്രവാസികളായി ലോകത്തിന്റെ പല ഭാഗങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നത്. അവർക്ക് കൊടുക്കുന്ന ആദരവായിക്കൂടി ഇത് മാറുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അതിഥി തൊഴിലാളികളുമായി ബന്ധപ്പെട്ട് പുതുതായി എന്റെ ശ്രദ്ധയിൽപ്പെട്ട കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്. ദീർഘകാലമായി കേരളത്തിൽ വന്ന് ജോലി ചെയ്ത് ഇവിടെത്തന്നെ ജീവിക്കാൻ തീരുമാനിച്ച നൂറുകണക്കിന് കുടുംബങ്ങളുണ്ട്. അവർ അതിഥി തൊഴിലാളികൾ എന്ന ബ്രാക്കറ്റിൽനിന്നും പുറത്തിറങ്ങി കേരളീയനോ മലയാളിയോ ആയി അടുത്ത തലമുറ വരുന്ന സാഹചര്യത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; അവരെ എങ്ങനെ ഡീൽ ചെയ്യണമെന്നാണ് ബില്ലിൽ പരാമർശിക്കുന്നത്?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഡോ. മാത്യു കുഴൻനാടൻ സൂചിപ്പിച്ചതുപോലെ, തീർച്ചയായും അത്തരം പ്രശ്നങ്ങൾകൂടി ഇവിടെ നിലനിൽക്കുന്നുണ്ട്. പെരുമ്പാവൂരിൽത്തന്നെ പണ്ട് അതിഥി തൊഴിലാളിയായി വന്ന് ഇവിടെ ബിസിനസ് നടത്തി വളർന്നുവന്നവരുണ്ട്. ആ സാഹചര്യംകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഭാവിയിൽ അതിഥി തൊഴിലാളി എന്നതിലെ അതിഥി മാറ്റേണ്ടിവരും. ഇപ്പോൾ പൊതുവിൽ മറ്റ് സംസ്ഥാനങ്ങളിലുള്ള തൊഴിലാളികൾക്ക് ബഹുമാനം കൊടുക്കാൻകൂടി ഈ ബിൽ ആവശ്യമാണ്. തുടർചർച്ചയ്ക്കായി പ്രസ്തുത ബിൽ മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി.ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ii) 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. പി. എസ്. സുപാൽ: സർ, വാതിൽപ്പടി സേവനരംഗത്ത് പ്രവർത്തിക്കുന്നവരുടെ പ്രശ്നമാണ് കഴിഞ്ഞ ദിവസം ഞാൻ ബില്ലിലൂടെ അവതരിപ്പിച്ചത്. വളരെയധികം വിപുലമായിക്കൊണ്ടിരിക്കുന്ന മേഖല എന്നതരത്തിൽ ഇവരുടെ പ്രാധാന്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഡെലിവറി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബോയ്സ് എന്നാണ് അവരെ വിളിക്കുന്നത്. ആ ചെറുപ്പക്കാരുടെ സേവനം നമ്മുടെ സങ്കൽപ്പങ്ങൾക്കുമപ്പുറമാണ്. അവരെ ഏൽപ്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതോടൊപ്പം എല്ലാവർക്കും ആശ്വാസമുണ്ടാകുന്ന തരത്തിലുള്ള സാഹചര്യങ്ങൾപോലും ശ്രുപപ്പെടുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നമ്മുടെ സംസ്ഥാനത്തെ സാഹചര്യം നമുക്കറിയാം, ഒറ്റപ്പെട്ടു താമസിക്കുന്ന കുടുംബങ്ങളിൽ പ്രായമായ ധാരാളം ആളുകളുണ്ട്. മക്കളോ ബന്ധുക്കളോ സഹായത്തിനായി അടുത്തില്ലാത്ത ധാരാളം ആളുകളുണ്ട്. പുറത്തുപോകാൻ കഴിയാതെ അവശതയനുഭവിക്കുന്ന ഇത്തരം ആളുകൾ ഭക്ഷണകാര്യത്തിനും മരുന്ന് ലഭ്യമാക്കുന്നതിനും വാതിൽപ്പടി സേവനരംഗത്ത് പ്രവർത്തിക്കുന്നവരെ ധാരാളമായി ആശ്രയിക്കുന്നുണ്ട്. അത്തരം ആളുകളെ സഹായിക്കുന്ന പ്രവർത്തനങ്ങൾകൂടി ഡെലിവറി ബോയ്സ് എന്ന വിഭാഗത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുവെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. നിരന്തരമായ സമ്പർക്കത്തിലൂടെ വളർന്നുവരുന്ന ആത്മബന്ധംവഴി അടിയന്തര ഘട്ടങ്ങളിൽ വയോജനങ്ങളുടെ കാര്യത്തിൽ ഇടപെടുകയും അവരെ സഹായിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഇന്ന് സർവ്വസാധാരണമാണ്. പല വീടുകളിലും ഒറ്റപ്പെട്ടവർക്ക് ആശ്വാസവും സ്നേഹവും കൈത്താങ്ങുമായി ഡെലിവറി ബോയ്സ് എന്ന് വിളിപ്പേരുള്ള ഈ മേഖലയിലെ തൊഴിലാളികൾ പ്രവർത്തിക്കുന്നു. വളരെ ക്ലേശകരവും അപകടകരവുമായ സാഹചര്യങ്ങളിലാണ് അവർ ജോലി ചെയ്യുന്നത്. അവർക്ക് കൃത്യമായ ജോലി സമയം നിശ്ചയിച്ചിട്ടില്ല. അതെല്ലാം ജോലി ചെയ്യിക്കുന്ന കമ്പനികളാണ് തീരുമാനിക്കുന്നത്. 8 മണിക്കൂർ ജോലിയെന്ന് നമ്മൾ നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും 12 മണിക്കൂറും അതിൽ കൂടുതൽ സമയവും അവർക്ക് ജോലി ചെയ്യേണ്ടിവരും. 12 മണിക്കൂറിലധികം ജോലി ചെയ്യുമ്പോൾപോലും അവർക്ക് അർഹമായ വേതനം നൽകുന്നില്ലെന്നുള്ളത് ഖേദകരമായ കാര്യമാണ്. ജോലിയുടെ ഭാഗമായി മഴയെന്നോ വെയിലെന്നോ നോക്കാതെ ഇരുചക്രവാഹനങ്ങളിലാണ് അവർക്ക് യാത്ര ചെയ്യേണ്ടി വരുന്നത്. 60 മുതൽ 75 കിലോമീറ്റർ വരെ വേഗത്തിൽ അവർക്ക് യാത്ര ചെയ്യേണ്ടിവരും. കാരണം ഒരു സിംഗിൾ ഡെലിവറിക്ക് ഏകദേശം 30 മിനിറ്റുമുതൽ 1 മണിക്കൂർ വരെ സമയം നൽകുന്നുണ്ടെങ്കിലും വരുമാനം നൽകുന്നത് ഡെലിവറിയുടെ എണ്ണത്തിന് ആനുപാതികമായാണ്. അതുകൊണ്ട് ഒരു ഡെലിവറി കഴിഞ്ഞ് അടുത്തതിനുവേണ്ടി വളരെ വേഗത്തിൽ പോകേണ്ടിവരും. ഓർഡർ യഥാസമയം എത്തിച്ചില്ലെങ്കിൽ കമ്പനിയുടെയും ഓർഡർ ചെയ്യുന്ന ആളുകളുടെയും ശകാരം കേൾക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വാതിൽപ്പടി സേവന രംഗത്തെ സംബന്ധിച്ച് സൂചിപ്പിച്ചതുപോലെ, ഓൺലൈനിൽ ഫുഡ് ഓർഡർ ചെയ്യുമ്പോൾ നിശ്ചിത സമയത്ത് എത്തിച്ചില്ലെങ്കിൽ പണം അടയ്ക്കേണ്ടതില്ല. അങ്ങനെ പണം കൊടുക്കാതെ വരുമ്പോൾ ഡെലിവറി ബോയ്സിൽനിന്നും ഹോട്ടലുകാർ പണം ഈടാക്കാനുള്ള സാധ്യതയുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഇവർ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യമേഖലയിലും മറ്റെല്ലാ മേഖലയിലും ഓൺലൈൻ ബിസിനസ്സുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ധാരാളം പ്രതിസന്ധികളും നിലനിൽക്കുന്നുണ്ട്. അതുപോലെ ഓൺലൈൻ ബിസിനസിലൂടെ വസ്ത്രവ്യാപാരം നടത്തുന്ന ഒട്ടേറെ സ്ത്രീകൾ കേരളത്തിലുണ്ട്. ഇവർ അയച്ചുകൊടുക്കുന്ന സാധനങ്ങൾ ചില കൊറിയർ സർവ്വീസുകാർ കൃത്യമായി എത്തിക്കുന്നില്ല. എന്റെ മണ്ഡലത്തിലും ഇതുപോലുള്ള പ്രശ്നങ്ങളുണ്ട്. ഇത്തരം സാഹചര്യങ്ങളൊക്കെ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, ഡെലിവറി ബോയ്സ് ധാരാളം പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത് അവരെ അപകടത്തിലേയ്ക്കുവരെ കൊണ്ടുചെന്നെത്തിക്കുകയാണ്.

ശ്രീ. വാഴൂർ സോമൻ: സർ, ജെൻഡർ ഇക്വാളിറ്റിക്കുവേണ്ടി നിലകൊള്ളുന്ന പൊതുസമൂഹമാണ് നമ്മുടേത്. അങ്ങ് അവതരിപ്പിച്ച ബില്ലിൽ ഡെലിവറി ബോയ്സ് എന്നാണ് പറയുന്നത്. ധാരാളം വനിതകളും ഈ രംഗത്ത് തൊഴിലെടുക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട സുഹൃത്ത് പറയുകയുണ്ടായി. അത്തരമൊരു സാഹചര്യത്തിൽ അങ്ങയുടെ ബില്ലിൽ വന്നിട്ടുള്ള ഡെലിവറി ബോയ്സ് എന്ന പരാമർശം മാറ്റി മറ്റെന്തെങ്കിലുമൊരു പേര് നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. സുപാൽ: സർ, അങ്ങ് തെറ്റിദ്ധരിച്ചതാണ്. 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലാണ് ഞാൻ അവതരിപ്പിക്കുന്നത്. എല്ലാ വിഭാഗവും അതിൽ ഉൾപ്പെടുന്നതാണ്. ഞാൻ ഡെലിവറി ബോയ്സ് എന്ന് പറഞ്ഞെന്നേയുള്ളൂ. ധാരാളം പെൺകുട്ടികളടക്കം പ്രവർത്തിക്കുന്ന ഒരു മേഖലയാണിത്. പൊതുവായ ആ കാഴ്ചപ്പാടാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇത് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)